**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5199. 02.07.2013 ൽ മറുപടിയ്ക്ക്.

## ഷെയർ ഓട്ടോ, ടാക്സി സംവിധാനം

| ചോദ്യം<br>ശ്രീ. അൻവർ സാദത്ത്<br>" ജോസഫ് വാഴക്കൻ<br>" എം. എ. വാഹീദ്<br>" ഷാഫി പറമ്പിൽ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) ഷെയർ ഓട്ടോ, ടാക്സി സംവിധാനം നടപ്പാക്കാൻ ആലോചിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) | ഷെയർ ടാക്സി സമ്പ്രദായം സംബന്ധിച്ച് ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ വരികയും, ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി സർക്കാരിന് ശുപാർശ സമർപ്പിക്കുവാൻ റിട്ട. ജസ്റ്റിസ് എം. രാമചന്ദ്രൻ അധ്യക്ഷനായ കമ്മിറ്റിയെ ചുമതല പ്പെടുത്തുകയുമുണ്ടായി. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | മോട്ടോർ കാബിനും സ്റ്റേജ് കാര്യേജിനും ഇടയിൽ വരുന്ന ഒരു ഗതാഗത മാർഗ്ഗമാണ് ഷെയർ ഓട്ടോ ടാക്സി. വാടകയ്ക്കോടുന്ന ഇത്തരം വാഹനങ്ങൾ ബസ്സുകളെക്കാൾ ചെറുതായിരിക്കും. ഇത്തരം വാഹനങ്ങൾക്ക് നിശ്ചിതമായ ഒരു റൂട്ട് ഉണ്ടാകണമെന്നില്ല. വാഹനങ്ങളിലെ സീറ്റുകൾ നിറയുമ്പോഴായിരിക്കും ഈ വാഹനം യാത്ര പുറപ്പെടുന്നത്. ഇത്തരം വാഹനങ്ങൾ യാത്രക്കാരെ ഇറക്കുന്നതിനും കയറ്റുന്നതിനും ആവശ്യാനുസരണം നിർത്തുന്നതാണ്.<br>ഷെയർ ടാക്സി / ഓട്ടോ സമ്പ്രദായത്തിന് ചുവടെ പറയുന്ന പ്രയോജനങ്ങൾ ഉണ്ട്.<br>(1) യാത്രക്കാരന്റെ യാത്രാ ചെലവ് കുറയ്ക്കുന്നു.<br>(2) ഈ ആശയം പരിസ്ഥിതിയ്ക്ക് തീർത്തും അനുയോജ്യമാണ്. കൂടാതെ കാർബൺ എമിഷൻ കുറയ്ക്കുന്നു. |

| | | |
|---|---|---|
| | | (3) നിരത്തുകളിൽ വാഹന ബാഹുല്യം കുറയ്ക്കുന്നു.<br>(4) പാർക്കിംഗ് സ്പേസ് കുറയ്ക്കുന്നതിന് സഹായകരമാണ്.<br>(5) സ്ത്രീകൾ ഒറ്റയ്ക്ക് വാഹനം ഓടിയ്ക്കുമ്പോഴുള്ള അപകട സാദ്ധ്യത കുറയുന്നു. |
| (സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ എന്തെല്ലാം ? | (സി) | ഷെയർ ടാക്സി - ഓട്ടോ സമ്പ്രദായത്തെക്കുറിച്ച് പഠിക്കുവാൻ സർക്കാർ ചുമതലപ്പെടുത്തിയതു പ്രകാരം ജസ്റ്റിസ് എം. രാമചന്ദ്രൻ കമ്മിറ്റി എറണാകുളം, കണ്ണൂർ ജില്ലകളിൽ സിറ്റിംഗ് നടത്തി കഴിഞ്ഞു. കമ്മീഷൻ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ ആലോചിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.